**14.** വിവിധ തലങ്ങളിൽ താഴെപ്പറയുന്ന തീയതികളിൽ താലന്തു പരിശോധന നടത്തി ലിസ്റ്റ് അടുത്തതലത്തിലേക്ക് നൽകേണ്ടതാണ്.

- **പ്രദേശിക തലത്തിൽ** : ആഗസ്റ്റ് 31- നുള്ളിൽ താലന്ത് പരിശോധന നടത്തി ലിസ്റ്റ്, ഡിസ്ട്രിക്ട് സണ്ടേസ്കൂൾ സെക്രട്ടറിയെ ഏല്പ്പിക്കണം.
- **ഡിസ്ട്രിക്ട് തലത്തിൽ** : സെപ്റ്റംബർ 30-നുള്ളിൽ താലന്ത് പരിശോധന നടത്തി, സോണൽ സെക്രട്ടറിയെ ലിസ്റ്റ് ഏല്പിക്കണം.
- **സോണൽ തലത്തിൽ**: ഒക്ടോബർ 26- നുള്ളിൽ താലന്ത് പരിശോധന നടത്തി ഒക്ടോബർ 31-നു മുമ്പ് സ്റ്റേറ്റ് ഓഫീസിൽ ലിസ്റ്റ് ഏല്പിക്കണം.

**15. സംസ്ഥാനതല മത്സരം : 2019 നവംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ 9:00 മണിയ്ക്ക് മുളക്കുഴയിൽവച്ച് നടക്കുന്നതാണ്**. മത്സരം തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പ് വ്യക്തികൾക്കു നമ്പരും ഗ്രൂപ്പിനു ലെറ്ററും നൽകുന്നതായിരിക്കും. ഡിസ്ട്രിക്ട്/മേഖലാ മത്സരങ്ങൾക്കു പേരു വിളിക്കുന്നതിനു പകരം നമ്പരും ലെറ്ററും വിളിക്കേണ്ടതാണ്. സ്റ്റേറ്റ് മത്സര വിജയികൾക്ക് മത്സരാനന്തരം അന്നേദിവസം വൈകിട്ട് സമ്മാനങ്ങൾ നൽകുന്നതാണ്. സോണൽ/സ്റ്റേറ്റ് തലത്തിൽ ട്രോഫികൾ നേടുമ്പോൾ സഭാശുശ്രൂഷകന്റെ ഉത്തരവാദിത്വത്തിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന സഭയിൽ ട്രോഫി സൂക്ഷിക്കേണ്ടതാണ്.

**16.** ഡിസ്ട്രിക്ടിൽനിന്നും മേഖലാതല താലന്തുപരിശോധനയ്ക്കുള്ള ലിസ്റ്റിന്റെ 2 കോപ്പി വീതം സോണൽ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്. സോണിൽ നിന്നും സംസ്ഥാനതല താലന്തുപരിശോധനയ്ക്കുള്ള ലിസ്റ്റിന്റെ രണ്ടു കോപ്പി വീതം മുകളിൽ കൊടുത്തിരിക്കുന്ന തീയതിയ്ക്കു മുമ്പ് സ്റ്റേറ്റ് സെക്രട്ടറിയുടെ പേരിൽ കേന്ദ്ര ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന ലിസ്റ്റ് പരിഗണിക്കുന്നതല്ല.

**17.** ഡിസ്ട്രിക്ട്/മേഖലാ/സ്റ്റേറ്റ് താലന്തു പരിശോധനകളിൽ കുട്ടികളെ തനിയെ വിടാതെ, ഉത്തരവാദിത്തപ്പെട്ടവർ കൂട്ടിക്കൊണ്ടു വരേണ്ടതാണ്. ലോക്കൽ, ഡിസ്ട്രിക്ട് തലങ്ങളിൽ വൈ.പി.ഇ യും സണ്ടേസ്കൂളും സംയുക്തമായി താലന്തുപരിശോധന നടത്താവുന്നതാണ്. സോൺ തലത്തിൽ മത്സരം വെവ്വേറെ നടത്തുന്നതാണ് ഉചിതം. താലന്തു പരിശോധനാ സംബന്ധമായി ഏതെങ്കിലും വിശദീകരണമോ, സംശയനിവാരണമോ വേണ്ടവർ **താലന്ത് പരിശോധനാ കൺവീനർ പാസ്റ്റർ സാബു പി. ചാണ്ടിയുടെ നമ്പറിൽ (9447440469)** ബന്ധപ്പെടാവുന്നതാണ്.

**18.** ഈ നിബന്ധനകൾ പാലിച്ച് മത്സരത്തിൽ പങ്കെടുത്ത് വിജയികളായവരെ മാത്രമേ സ്റ്റേറ്റ് തലത്തിൽ മത്സരിപ്പിക്കുകയുള്ളൂ. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ സഹോദരന്മാർ

| | | |
|---|---|---|
| | **പാസ്റ്റർ ജെ. ജോസഫ്** | **പാസ്റ്റർ സാലു വർഗ്ഗീസ്** |
| മുളക്കുഴ | (സ്റ്റേറ്റ് പ്രസിഡന്റ്) | (സ്റ്റേറ്റ് സെക്രട്ടറി) |
| 01-07-2019 | Mob: 9446301796 | Mob: 9847820405 |

*web:* www.cogsundayschool.org; *email:* cgisundayschool@gmail.com

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, കേരളാ സ്റ്റേറ്റ്
# സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്
## താലന്ത് പരിശോധന അറിയിപ്പുകൾ - 2019

നമ്മുടെ സൺഡേസ്കൂൾ സ്റ്റേറ്റ് ബോർഡ്, വിദ്യാർത്ഥികൾക്കായി പാഠ്യാനുബന്ധ വിഷയങ്ങളിലുള്ള താലന്തുപരിശോധന നടത്തുന്നതിന്റെ നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. പ്രായം അനുസരിച്ച് വിദ്യാർത്ഥികളെ നാലു ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു.

| | |
|---|---|
| 1. കിഡ്സ് | 6 വയസ്സിനു താഴെ (01/01/2014 നു ശേഷം ജനിച്ചവർ) |
| 2. സബ് ജൂണിയേഴ്സ് | 6-9 വയസ്സ്<br>(01/01/2010 നും 31/12/2013 നും മദ്ധ്യേ ജനിച്ചവർ) |
| 3. ജൂണിയേഴ്സ് | 10-12 വയസ്സ്<br>(01/01/2007 നും 31/12/2009 നും മദ്ധ്യേ ജനിച്ചവർ) |
| 4. ഇന്റർമീഡിയറ്റ് | 13-16 വയസ്സ്<br>(01/01/2004 നും 31/12/2006 നും മദ്ധ്യേ ജനിച്ചവർ) |

### ഓരോ ഗ്രൂപ്പിനും പങ്കെടുക്കാവുന്ന വിഷയങ്ങൾ

**I കിഡ്സ് (KIDS)**

1. സംഗീതം - 2 മിനിറ്റ്
2. വാക്യം പറച്ചിൽ

**II. സബ് ജൂണിയേഴ്സ്**

1. സംഗീതം - 2 മിനിറ്റ്
2. പ്രസംഗം - 3 മിനിറ്റ്
3. ബൈബിൾ ക്വിസ്സ്
4. വാക്യം എഴുത്ത്-15 മിനിറ്റ്
5. കഥ പറച്ചിൽ - 5 മിനിറ്റ്

**III. ജൂണിയേഴ്സ്**

1. സംഗീതം - 2 മിനിറ്റ്
2. പ്രസംഗം - 5 മിനിറ്റ്
3. ബൈബിൾ ക്വിസ്സ്
4. വാക്യം എഴുത്ത് - 20 മിനിറ്റ്
5. കഥ പറച്ചിൽ - 5 മിനിറ്റ്

**IV. ഇന്റർ മീഡിയറ്റ്**

1. സംഗീതം - 2 മിനിറ്റ്
2. പ്രസംഗം - 5 മിനിറ്റ്
3. ബൈബിൾ ക്വിസ്സ്
4. വാക്യം എഴുത്ത് - 20 മിനിറ്റ്
5. ഉപന്യാസം- 15 മിനിറ്റ്

**V. പൊതുമത്സരങ്ങൾ**

1. സമൂഹഗാനം - 3 മിനിറ്റ്
2. ഗ്രൂപ്പ് ക്വിസ്സ്
3. കഥാരചന - 30 മിനിറ്റ്
4. ഉപകരണ സംഗീതം (3-4 മിനിറ്റ്) (ഓർഗൻ/കീ ബോർഡ് മാത്രം)

**നിബന്ധനകൾ**

**1.** കിഡ്സിന്റെ മത്സരം പ്രാദേശിക തലത്തിൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. മറ്റു വിഭാഗങ്ങളിലുള്ളവ പ്രാദേശിക, ഡിസ്ട്രിക്ട്, മേഖല, സ്റ്റേറ്റ് തലങ്ങളിൽ നടത്തുന്നതാണ്.

**2.** ഓരോ വിഭാഗത്തിലും പ്രായപരിധി കൃത്യമായും പാലിക്കേണ്ടതുണ്ട്. ഡിസ്ട്രിക്ട്, മേഖലാ, സ്റ്റേറ്റ് തലങ്ങളിൽ പങ്കെടുക്കുന്നവരുടെ ജനനത്തീയതി സഭാശുശ്രൂഷൻ/ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി കർശനമായും ഹാജരാക്കേണ്ടതാണ്. ജനനത്തീയതി നൽകാത്തവരെ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ കഴിയുന്നതല്ല.

**3.** പൊതുമത്സര ഇനങ്ങളിൽ എല്ലാ വിഭാഗത്തിലുള്ളവർക്കും പ്രായപരിധി നോക്കാതെ പങ്കെടുക്കാം. **ഇപ്പോൾ സൺഡേസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്നവരും 1–1–2004 നുശേഷം ജനിച്ചവരുമായ കുട്ടികൾ മാത്രമേ ഏതിനത്തിലും പങ്കെടുക്കാവൂ.**

**4.** A. **സംഗീതം** (സിംഗിൾ) :

സംഗീതത്തിൽ മാത്രം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി (കിഡ്സ് ഒഴിച്ചുള്ള മൂന്നു വിഭാഗത്തിലും) മത്സരം നടത്തുന്നതാണ്. സംഗീതത്തിൽ രാഗം, താളം, ലയം എന്നിവ പരിഗണിക്കുന്നതാണ്. നോക്കി പാടാൻ അനുവദിക്കുന്നതല്ല. ഇംഗ്ലീഷിലോ മലയാളത്തിലോ പാട്ട് പാടാവുന്നതാണ്. ക്ലാസ്സിക്കൽ സോങ് അനുവദിക്കുന്നതല്ല.

B. **സംഗീതം** (ഗ്രൂപ്പ്) :

ഗ്രൂപ്പ് ഇനത്തിൽ ഒരു ടീമിൽ മൂന്നു പേരിൽ കുറയാനോ, ഏഴുപേരിൽ കൂടാനോ പാടില്ല. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഗ്രൂപ്പിൽ മാത്രം പ്രത്യേക മത്സരം ഇല്ല. (ഒരുമിച്ചുപാടാം). ഒരു സഭയിൽനിന്നും ഡിസ്ട്രിക്ടിലേക്കും, ഡിസ്ട്രിക്ടിൽനിന്ന് സോണിലേക്കും രണ്ടു ഗ്രൂപ്പുകൾ വീതം മാത്രം പങ്കെടുക്കാവുന്നതാണ്. ഇംഗ്ലീഷിലോ മലയാളത്തിലോ പാട്ട് പാടാവുന്നതാണ്.

**5. പ്രസംഗം :**

| | |
|---|---|
| **സബ്ജൂണിയേഴ്സ്** | : ദൈവ സ്നേഹം, വിശ്വാസം, നല്ല ഇടയൻ |
| **ജൂണിയേഴ്സ്** | : 5 മിനിറ്റ്മുമ്പ് വിധികർത്താക്കൾ വിഷയം നല്കും |
| **ഇന്റർമീഡിയറ്റ്** | : 5 മിനിറ്റ്മുമ്പ് വിധികർത്താക്കൾ വിഷയം നല്കും |

സബ് ജൂണിയേഴ്സ് വിഭാഗത്തിന് തന്നിരിക്കുന്ന വിഷയങ്ങളിലൊന്ന് നറുക്കിട്ടെടുത്ത് നൽകേണ്ടതാണ്. സംഘാടകർ നൽകുന്ന ബൈബിൾ **(N.K.J.V)** ഒഴികെ വേറൊരു കുറിപ്പോ, പുസ്തകങ്ങളോ പ്രസംഗിക്കുമ്പോൾ ഉപയോഗിക്കാൻ പാടില്ല. മുഖവുര, വിഷയാവതരണം, ബൈബിളിൽ നിന്നുള്ള ഉദ്ധരണികൾ, ഉപസംഹാരം എന്നിവ പരിഗണിക്കുന്നതായിരിക്കും.

6. **വാക്യം :** ഈ വർഷം ഓരോ വിഭാഗത്തിലും ഉള്ള നിർദ്ദിഷ്ട വേദഭാഗം താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| **സബ്ജൂണിയേഴ്സ്** | : മത്തായി, 1, 2 തെസ്സലൊനീക്യർ |
| **ജൂണിയേഴ്സ്** | : 2 ശമുവേൽ, ലൂക്കോസ് |
| **ഇന്റർമീഡിയറ്റ്** | : സദൃശവാക്യങ്ങൾ, 1 കൊരിന്ത്യർ |

**ഓരോ അദ്ധ്യായത്തിൽ നിന്നും രണ്ടു വാക്യങ്ങൾ എഴുതാവുന്നതാണ്.** അതിൽ കൂടുതൽ എഴുതിയാൽ മാർക്ക് നൽകുന്നതല്ല. വ്യക്തമായ ആശയമുള്ള പൂർണ്ണവാക്യങ്ങൾ മാത്രമേ അംഗീകരിക്കുകയുള്ളൂ. പേരുകൾ മാത്രമുള്ള വാക്യം പരിഗണിക്കുന്നതല്ല. റെഫറൻസ് എഴുതാത്ത വാക്യങ്ങൾ സ്വീകാര്യമല്ല. ക്രമനമ്പറിട്ടേ വാക്യങ്ങൾ എഴുതാവൂ. ആദ്യവാക്യത്തിൽ പുസ്തകത്തിന്റെ പേര് എഴുതിയശേഷം അതേപുസ്തകത്തിൽ നിന്നും തുടർച്ചയായി എഴുതുന്ന വാക്യങ്ങൾ ” ( Ditto) ഇട്ട്, അദ്ധ്യായവും വാക്യവും എഴുതിയാൽ മതി. **ഇംഗ്ലീഷിൽ വാക്യം എഴുതുന്നവർ N.K.J.V ൽ നിന്നുള്ള വാക്യങ്ങൾ മാത്രം എഴുതേണ്ടതാണ്.** വാക്യങ്ങൾ വായിക്കാൻ കഴിയുന്നവിധം എഴുതേണ്ടതാണ്.

7.**ബൈബിൾ ക്വിസ്സ്:**

**വാക്യം എഴുത്തിനു ഓരോ വിഭാഗങ്ങൾക്കും നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളിൽ നിന്നുമായിരിക്കും ക്വിസ്സിനും ഉള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്.** ചോദ്യങ്ങൾ ചോദിച്ച് ഉത്തരങ്ങൾ നമ്പരിട്ട് എഴുതി വാങ്ങേണ്ടതാണ്. ഗ്രൂപ്പ് ക്വിസ്സിൽ നാല് അംഗങ്ങളിൽ കൂടുതൽ പാടില്ല. ഡിസ്ട്രിക്ട്/മേഖലാ തലങ്ങളിൽ പങ്കെടുക്കുന്ന മൊത്തം കുട്ടികളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന 4 പേരടങ്ങുന്ന ടീമിനെ അയയ്ക്കാവുന്നതാണ്. **ഗ്രൂപ്പ് ക്വിസ്സിന് മൊത്തം ബൈബിളിൽനിന്ന് (N.K.J.V) ചോദ്യങ്ങൾ ഉണ്ടായിരിക്കും.**

**8. കഥ പറച്ചിൽ :**

ക്രിസ്തീയ ആശയമുള്ള ഏതു കഥയും അവതരിപ്പിക്കാം. അവതരണത്തിനാണ് പ്രാധാന്യം. ആംഗ്യങ്ങൾ അനുവദനീയമാണ്.

**9. ഉപന്യാസം :**

വിഷയം തക്കസമയത്തു മാത്രം നൽകുന്നതാണ്. മുഖവുര, വിഷയാവതരണം, ഖണ്ഡിക, സാന്ദർഭികമായ ഉദ്ധരണികൾ, ആശയാവിഷ്ക്കരണം, ഉപസംഹാരം എന്നിവ വിലയിരുത്തുന്നതാണ്. എഴുതുന്ന സമയം പുസ്തകങ്ങളും മറ്റും ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല.

**10. കഥാരചന :**

വിഷയം തക്ക സമയത്തു നൽകുന്നതാണ്. കഥാരചനയിൽ ഭാവന, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം.

**11. ഉപകരണ സംഗീതം (3–4 മിനിറ്റ്സ്):**

ഉപകരണ സംഗീതവിഭാഗത്തിൽ ഓർഗൻ മാത്രമാണ് അനുവദനീയം. താഴെ പറയുന്ന പാട്ടുകളിൽ നിന്നും ഒരെണ്ണം ചീട്ടിട്ടെടുത്ത് വായിക്കേണ്ടതാണ്: **താൻ വാഴ്കയാൽ, ലോകമാം ഗംഭീര, സ്തുതിപ്പിൻ സ്തുതിപ്പിൻ എന്നും, എന്റെ ദൈവം മഹത്വത്തിൽ...** റിഥം ഉപയോഗിക്കുവാൻ പാടില്ല. ഫലം വിലയിരുത്തലിൽ Tone clarity, Note accuracy, Chord എന്നിവ കണക്കിലെടുക്കുന്നതാണ്.

**12.** ഡിസ്ട്രിക്ട്/മേഖല/സ്റ്റേറ്റ് തലത്തിൽ ഓരോ വിഷയത്തിനും കുറഞ്ഞതു മൂന്നു വ്യക്തികൾ/ഗ്രൂപ്പുകൾ മത്സരിക്കുവാനില്ലെങ്കിൽ ആ വിഷയം നടത്തുന്നതല്ല. എന്നാൽ ഡിസ്ട്രിക്ട് തലത്തിൽ ഏതെങ്കിലും ഒരിനത്തിൽ ഒരു വ്യക്തി / ഗ്രൂപ്പ് മാത്രമേയുള്ളൂ എന്നതിനാൽ മത്സരം നടത്താതിരുന്നാലും, നല്ല നിലവാരമുള്ള പരിപാടിയാണെന്നു ബന്ധപ്പെട്ട കമ്മറ്റിക്കു ബോദ്ധ്യമായാൽ അടുത്ത തലത്തിൽ അവരെ അയയ്ക്കാവുന്നതാണ്.

**13.** സോണൽ മത്സരം നടത്താതെ ഡിസ്ട്രിക്ടിൽ മാത്രം മത്സരം നടത്തി അയയ്ക്കുന്ന ലിസ്റ്റ് സ്വീകരിക്കുന്നതല്ല. അവരെ സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.